# വിദ്യാഭ്യാസ ബില്ലിനെപ്പറ്റി

ഈ കേരളക്കരയിൽ പൊതു വിദ്യാഭ്യാസത്തിന്റെ സത്വര വികാസത്തിന് മാനേജ്മെന്റുകളോടൊപ്പമോ അതിലുമധികമോ ത്യാഗമനുഷ്ഠിച്ചിട്ടുള്ളത് മൺമറഞ്ഞുപോയ പരസഹസ്രം അദ്ധ്യാപകരാണെന്നും എന്നാലവരുടെ പേരിൽ ഒരിറ്റു കണ്ണുനീരും വീഴ്ത്താറില്ലെന്നുമുള്ള ഘോരഘോരമായ സത്യം എനിക്ക് മറക്കാൻ കവിഞ്ഞില്ല അവസരം കിട്ടിയപ്പോൾ പിന്നീടുവന്ന അദ്ധ്യാപക ലക്ഷത്തിനെങ്കിലും ന്യായമായ പരിരക്ഷ ചെയ്തുകൊടുക്കണമെന്ന് ഞാൻ ആഗ്രഹിച്ചുപോയി.
*വിദ്യാഭ്യാസ നിയമം നിർമ്മിക്കുന്നതിന് തന്നെ പ്രേരിപ്പിച്ച ചേതോവികാരം എന്തെന്ന് ജോസഫ് മുണ്ടശ്ശേരി (കൊഴിഞ്ഞ ഇലകൾ ആത്മകഥ )*

വിദ്യാഭ്യാസത്തിന്റെ സമഗ്രമായ പുരോഗതിക്ക് വിദ്യാഭ്യാസം പൂർണ്ണമായും രാഷ്ട്രത്തിന്റെ നിയന്ത്രണത്തിലാവണമെന്നാണ് എന്റെ അഭിപ്രായം

*പ്രൊഫ. മുണ്ടശ്ശേരി*

മാനേജർമാർരക്ക് മൂക്കുകയറിടുന്ന വിദ്യാഭ്യാസ ബില്ലാണ് നിയമസഭയിൽ അവതരിപ്പിക്കാൻ പോകുന്നത്

*പ്രൊഫ. മുണ്ടശ്ശേരി*

1957 മെയ് 28 കത്തോലിക്ക മേലദ്ധ്യക്ഷൻമാരുടെ സമ്മേളനം പാസ്സാക്കിയ പ്രമേയം സർക്കാരിനോട് വിദ്യാഭ്യാസത്തിന്റെ ആദർശത്തെ സംബന്ധിച്ചിടത്തോളം മാറ്റം വരുത്താൻ പാടില്ലാത്ത മൗലികമായ തത്വങ്ങളെ ആദരിച്ചായിരിക്കണം വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും രീതിയും മാറ്റം വരുത്താൻ പ്രൈവറ്റ് വിദ്യാലയങ്ങളെ ഏറ്റെടുക്കണമെന്നുള്ള വാദഗതി സ്വീകാര്യമല്ല വിദ്യാഭ്യാസം സ്റ്റേറ്റിന്റെ കുത്തകയാക്കുന്ന നടപടയിലെ സർവ്വശക്തിയും ഉപയോഗിച്ച് എതിർക്കും. ഭരണഘടന 4-ാം പാർട്ട് 45-ാം വകുപ്പിന്റെ സ്കൂൾ നടത്താനുള്ള അവകാശം നിഷേധിക്കുകയാണെങ്കിൽ മൂന്നാം പാർട്ട് 30-ാം വകുപ്പിൽ അനുവദിച്ചിട്ടുള്ള മൗലികവകാശത്തിന്മേലുള്ള കയ്യേറ്റമായിരിക്കും

*പ്രൊഫ. മുണ്ടശ്ശേരി*

പ്രൈവറ്റ് സ്ക്കൂൾ ആവശ്യമാണെന്ന് സമ്മതിക്കുന്നിടത്തോളം കാലം മാനേജർമാരെ കൂടാതെ കഴിയുകയില്ല മാനേജർമാരുണ്ടായിരിക്കണമെങ്കിൽ ഉദ്യോഗനിയമനം ഭരണം മാറ്റം ഇവയിൽ ഒരു ബന്ധം അവർക്കുണ്ടാകണം. ഇതിനെപ്പറ്റി ബില്ലിൽ ഒരു വാക്കും കാണുന്നില്ല മാനേജർമാർക്ക് അപമാനമുണ്ടാക്കുന്ന ബില്ലിലെ അവസാനഭാഗങ്ങൾ തിരുത്തിയേ പറ്റൂ

*മന്നത്തു പത്മനാഭൻ*

ഏകാധിപത്യത്തിലേക്കുള്ള ചുവടുവെയ്പാണിത് ജനങ്ങളെ വെറും റബർ സ്റ്റാമ്പാക്കി മാറ്റാനാണ് സർക്കാർ ശ്രമിക്കുന്നത്

*പട്ടം താണുപിള്ള*

കമ്മ്യൂണിസ്റ്റ് ജനാധിപത്യത്തിന്റെ മോഡൽ

*പനമ്പള്ളി ഗോവിന്ദമേനോൻ*

ബിൽ പിൻവലിക്കുകയോ പൊതുജനാഭിപ്രായത്തിന് വിടുകയോ ചെയ്യണം

*പി ടി ചാക്കോ*

ഇത് നാസി മോഡൽ ബില്ലാണ്

*സി എച്ച് മുഹമ്മദ് കോയ*

മുണ്ടശ്ശേരി ബില്ലിൽ വിദ്യാഭ്യാസമില്ല കുറെ വിദ്യകളും അഭ്യാസങ്ങളും മാത്രമാണുള്ളത്

*ഐ സി ചാക്കോ*